

ഐറ്റി പ്രാക്ടിക്കൽ വർക്ക് ഷീറ്റ്



## അധ്യായം 1




## ഡിസൈനിങ്ങിന്റെ ലോകത്തേക്ക്


ഈ അധ്യായത്തിൽ പരാമർശിച്ചിട്ടുള്ള പ്രാക്ടിക്കൽ പ്രവർത്തനങ്ങളെ രണ്ട് ഘട്ടങ്ങളിലായി പൂർത്തീകരിക്കാൻ സഹായകമായ വർക്ക്ഷീറ്റാണ് തയ്യാറാക്കിയിരിക്കുന്നത്

വർക്കഷീറ്റ് നമ്പർ.1

| | | |
|---|---|---|
| ലാബിൽ ചെയ്യേണ്ട പ്രവർത്തനം | ലോഗോ നിർമ്മാണം | |
| ഉപയോഗിക്കേണ്ട സോഫ്റ്റ് വെയർ | Ink scape Vector Graphics Editor | |
| മാതൃക | | |
| **പ്രവർത്തനഘട്ടങ്ങൾ** | | |
| സോഫ്റ്റ് വെയർ പ്രവർത്തിപ്പിക്കുക | Applications – Graphics- Ink scape Vector Graphics Editor | |
| പേജ് ക്രമീകരണം | ഫയൽ മെനുവിലെDocument Properties ജാലകം തുറന്ന് Page Size A4 സെലക്ട് ചെയ്യുക.. Resize page to content എന്നതിൽ നിന്ന് Resize page to Drawing or Selection എന്ന ഒപ്ഷൻ സെലക്ട് ചെയ്ത് Properties ജാലകം close ചെയ്യുക |  |
| | (Properties ജാലകത്തിലെ Width,Height എന്നിവ ക്രമീകരിക്കുക) |  |
| | Create circle tool എടുത്ത് | |

| | | |
|---|---|---|
| സോസർ വരയ്ക്കൽ | ചതുരത്തിനകത്ത് അനുയോജ്യമായ നിറത്തിൽ തിരശ്ചീനമായ വൃത്തം വരയ്ക്കുക. Radial Cradient ഉപയോഗിച്ച് വൃത്തത്തിനകത്ത് ഡബിൾ ക്ലിക് ചെയ്യുക.വൃത്ത പരിധിയിലെ നോഡിൽ ക്ലിക് ചെയ്ത് ഒരു നിറവും വൃത്തത്തിനകത്തെ നോഡിൽ ക്ലിക് ചെയ്ത് മറ്റൊരു നിറവും നൽകി നിഴലും വെളിച്ചവും ക്രമീകരിക്കുക.ഇതിന്റെ 3 duplicate എടുത്ത് രണ്ടെണ്ണത്തിനെ മാതൃക പോലെ ക്രമീകരിക്കുക<br>മൂന്നാമത്എടുത്ത duplicate ചെറുതായി ക്രമീകരിച്ച് ഒന്നാമത്ത വൃത്തത്തിന്റെ താഴ്ഭാഗത്ത് ചേർത്ത് വെച്ച് object മെനുവിലെ Lower to Bottom എന്ന ഒപ്ഷൻ ക്ലിക് ചെയ്യുക.എല്ലാ വൃത്തവും ഒന്നിച്ച് സെലക്ട് ചെയ്ത് object മെനുവിൽ നിന്ന് group നൽകി വൃത്തങ്ങൾ ഒന്നാക്കുക. |  |
| കപ്പ് വരയ്ക്കുന്ന വിധം<br><br>കപ്പിന്റെ വായ് ഭാഗം | ലംബമായി വൃത്തം വരച്ച് നിഴലും വെളിച്ചവും നൽകി ക്രമീകരിക്കുക. മറ്റൊരു വൃത്തം വരച്ച് അതിന് മുകളിൽ ക്രമീകരിക്കുക. ഒന്നിച്ച് സെലക്ട് ചെയ്ത് path മെനുവിലെ difference ൽ ക്ലിക് ചെയ്യുക.<br><br>രണ്ട് വൃത്തങ്ങൾ വരച്ച് path മെനുവിലെ difference നൽകി കപ്പിനോട് ചേർത്ത് വെച്ച് ഒന്നിച്ച്സെലക്ട് ചെയ്ത് object മെനുവിൽ നിന്ന് group നൽകി ഒന്നാക്കുക. |  |
| | | |

| | | |
|---|---|---|
| കപ്പിന് പിടി വരയ്ക്കൽ | രണ്ട് വൃത്തങ്ങൾ വരച്ച് ഒന്നിനു മുകളിൽ ഒന്ന് എന്ന ക്രമത്തിൽ ചേർത്ത് വെയ്ക്കുക. ഇത്  ഒന്നിച്ച്സെലക്ട് ചെയ്ത് path മെനുവിൽ നിന്ന് difference നൽകുക.മറ്റൊരു വൃത്തം വരച്ച്ഇതിന് മുകളിൽ മാതൃക പോലെ ക്രമീകരിച്ച് difference നൽകുക. ശേഷം ചെറുതായി ക്രമീകരിച്ച് കപ്പിന്റെ പിടിയുടെ ഭാഗത്ത് ചേർത്ത് വെച്ച് object മെനുവിലെ Lower to Bottom എന്ന ഒപ്ഷൻ ക്ലിക് ചെയ്യുക കപ്പ് ഒന്നിച്ച്സെലക്ട് ചെയ്ത് path മെനുവിൽ നിന്ന് union നൽകി  ഒന്നാക്കുക.ഈ കപ്പിനെ സോസറിന് മുകളിൽ വെയ്ക്കുക. ഒന്നിച്ച്സെലക്ട് ചെയ്ത് object മെനുവിൽ നിന്ന് group എന്ന ഒപ്ഷൻ ക്ലിക് ചെയ്യുക | <br><br> |
| കപ്പിൽ ചൂടു ചായ ക്രമീകരിക്കുന്ന വിധം | ചായയുടെ നിറത്തിൽ വൃത്തം വരച്ച് കപ്പിനകത്ത് ക്രമീകരിക്കുക. Calligraphics brush tool ഉപയോഗിച്ച് മാതൃക പോലെ വരച്ച് സെലക്ട് ചെയ്യുക. Blur ഒപ്ഷനിൽ മാറ്റം വരുത്തി ആവി പറക്കുന്നതായി ചിത്രീകരിക്കുക. ഒന്നിച്ച്സെലക്ട് ചെയ്ത് object മെനുവിൽ നിന്ന് group എന്ന ഒപ്ഷൻ ക്ലിക് ചെയ്യുക. നിങ്ങളുടെ ഫോൾഡറിലേക്ക് സേവ് ചെയ്യുക | <br> |
| **വർക്ക്ഷീറ്റ് നമ്പർ.2 പരസ്യ വാചകങ്ങൾ ചേർത്ത് ലോഗോയെ ബാനറിൽ ഉൾപ്പെടുത്തുന്ന വിധം** | | |

| | | |
|---|---|---|
| ഫോൾഡർ തുറക്കുക. | ഹോമിനകത്ത് നിങ്ങളുടെ ഫോൾഡറിൽ സേവ് ചെയ്തിരിക്കുന്ന ഫയൽ ഇങ്ക്സേക്കപ്പ് സോഫ്റ്റ് വെയറിൽ പ്രവർത്തിപ്പിക്കുക. | |
| Create and text object tool ഉപയോഗിച്ച് ടെക്സ്റ്റ് ടൈപ്പ് ചെയ്യുക. | നിറവും വലിപ്പവും ക്രമീകരിച്ച് duplicate എടുത്ത് ആരോ കീയുടെ സഹായത്താൽ ആകർഷകമാക്കുക |  |
| കമാനാകൃതിയിൽ അർദ്ധ വൃത്തം വരയ്ക്കുക | വൃത്തംവരയ്ക്കുമ്പോൾ മുകളിൽ പ്രത്യക്ഷപ്പെടുന്ന start value 180 ആക്കി അർദ്ധ വൃത്തം വരയ്ക്കാം. അർദ്ധ വൃത്തവും,ടൈപ്പ് ചെയ്ത അക്ഷരങ്ങളും ഒന്നിച്ച് സെലക്ട് ചെയ്ത് text മെനുവിലെ put on path ക്ലിക് ചെയ്യുക. അർദ്ധ വൃത്തം സെലക്ട് ചെയ്ത് Fill &Stroke സങ്കേതമുപയോഗിച്ച് നിറങ്ങൾ പൂർണ്ണമായും ഒഴിവാക്കി ടെക്സ്റ്റിനെ ലോഗോയിൽ ക്രമീകരിച്ച് ഗ്രൂപ്പാക്കുക. |    |
| സേവ് ചെയ്യുക. | ലോഗോയെ .png ഫോർമാറ്റിലേക്ക് സേവ് ചെയ്യുക. | |
| ലോഗോ ബാനറിൽ | File-Import വഴി അനുയോജ്യമായ ചിത്രം ഇങ്ക്സേക്കപ്പിൽ ഉൾപ്പെടുത്തുക. തുറന്ന് വരുന്ന ജാലകത്തിൽ embed എന്നത് സെലക്ട് ചെയ്ത് ok നൽകുക.ഒപ്ജക്റ്റ് മെനുവിലെ Lower/Raise സൗകര്യങ്ങൾ ഉപയോഗിച്ച് ചിത്രത്തെ ബാനറിൽ ഉൾപ്പെടുത്തി ,ആവശ്യമായ ടെക്സ്റ്റുകൾ കൂട്ടി ചേർത്ത് ബാനർ ആകർഷകമാക്കാം. |  |

**Howlath .k** CKHSS Manimooly. Nilambur